(ബി) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു (30-6-2015 വരെ)

ധനകാര്യ സ്ഥാപനം	വായ്പാ തുക	തിരിച്ചടയ്ക്കാനുള്ള തുക
ഹഡ്കോ	195 കോടി	139.76 കോടി
കെ.റ്റി.ഡി.എഫ്.സി.	1908 കോടി	915.45 കോടി
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	200 കോടി	180.85 കോടി
കെ.എസ്.റ്റി. സൊസൈറ്റി 133	10 കോടി	8.47 കോടി

(സി) പ്രതിമാസ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

മാസം	വരവ് (കോടി രൂപ)	ചെലവ് (കോടി രൂപ)
1-2015	169.41	227.08
2-2015	145.71	254.60
3-2015	153.35	257.49
4-2015	157.87	267.63
5-2015	176.44	273.33
6-2015	167.12	267.31

കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റുകൾ

198(5787) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി ഹാജരാക്കേണ്ട കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ആയുർവേദ നേത്രരോഗ ബിരുദാന്തര ബിരുദധാരികൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഗതാഗത കമ്മീഷണറുടെ സർക്കുലർ 09/06 പ്രകാരം എം.ബി.ബി.എസ്. കഴിഞ്ഞതിനുശേഷം ഡിപ്ലോമ ഇൻ ഓഫ്താൽമോളജി, ഡി.എൻ.ബി. (ഓഫ്താൽമോളജി), എം.എസ്. (ഓഫ്താൽമോളജി) തുടങ്ങിയ ഏതെങ്കിലും യോഗ്യത ഉള്ളവർക്ക് കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകാമെന്നാണ് നിലവിലുള്ള നിർദ്ദേശം. പ്രസ്തുത നിർദ്ദേശത്തിൽ ആയുർവ്വേദ ഡോക്ടർമാരെകൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly